# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024-2025-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II ക്രമ നമ്പർ 832 ആയി 20% തുക വകയിരുത്തി ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ "കുണ്ടറ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## SECRETARIAT – LSGD

**G.O.(Rt)2465/2024** **Dated,16/12/2024**

എ.എസ് നമ്പർ : AS/LGD/24/39386 കാലാവധി : 15/12/2027

പരാമർശം:- 1. 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രവൃത്തി (അനുബന്ധം II വാല്യം II ക്രമ നമ്പർ 832)
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27/09/2024 ലെ LSGD/PD/30310/2024–DB3 നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് നവീനരീതിയിലുള്ള സ്റ്റേഡിയം നിർമ്മാണം എന്ന ബജറ്റ് പ്രവൃത്തിക്കായി സൂചന (1) പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 10,000,000/- (ഒരു കോടി രൂപ) വകയിരുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി പ്ലാനും വിശദമായ എസ്റ്റിമേറ്റും സഹിതം സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ 4515–00–800–92–00–00–0–N–V റവന്യൂ ശീർഷകത്തിൽ "കുണ്ടറ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണം" എന്ന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് അനുവദിച്ചിട്ടുള്ള രൂപ 1,00,00,000 (ഒരു കോടി രൂപ) ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

AS/LGD/24/39386

ପ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കുണ്ടറ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണം | 1,00,00,000 |
| ആകെ (ഒരു കോടി രൂപ) | | **1,00,00,000** |

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
ഡെപ്യൂട്ടി സെക്രട്ടറി
എൽ.എസ്.ജി.ഡി.

To

ഓർഡർ പ്രകാരം കൈമാറി,

Digitally signed by Shaji T R
Date:16-12-2024 15:41:29

AS/LGD/24/39386